## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം. 1220

21.3.2013-ലെ മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമ പ്രകാരമുള്ള ലൈസൻസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഭക്ഷ്യസുരക്ഷാ നിയമപ്രകാരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; | എ) | 2011 -ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര റെഗുലേഷൻ അനുബന്ധം II-ൽ പറയുന്ന ഡോക്യുമെന്റുകൾ സമർപ്പിച്ചാൽ മാത്രമേ ഭക്ഷ്യ സുരക്ഷാ ലൈസൻസ് നൽകുകയുള്ളൂ. എന്നാൽ 2006 -ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം നിലവിൽ വന്നപ്പോൾ കാലഹരണപ്പെട്ട 1954 -ലെ മായം ചേർക്കൽ നിരോധന നിയമപ്രകാരം നിലവിൽ ലൈസൻസ് എടുത്തിരുന്ന ഉല്പാദകരും വ്യാപാരികളും ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ലൈസൻസിന് അപേക്ഷിക്കുമ്പോൾ മുൻകൂർ പരിശോധന ആവശ്യമില്ലായെന്ന് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ നിർദ്ദേശിച്ചിട്ടുണ്ട്. ഇവർ തങ്ങളുടെ മേൽവിലാസം തെളിയിക്കുന്നതിനാവശ്യമുള്ള ഫോട്ടോ ഐ.ഡി കാർഡിന്റെ പകർപ്പും നിലവിലുള്ള ലൈസൻസിന്റെ കോപ്പിയും ജോലിക്കാരുടെ മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റുമായി അപേക്ഷിച്ചാൽ ലൈസൻസ് നൽകുന്നതാണ് എന്നാൽ പുതിയ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ റെഗുലേഷന് വിധേയമായി മാത്രമേ ലൈസൻസ് നൽകുകയുള്ളൂ. |

| | | | |
|---|---|---|---|
| ബി) | ലൈസൻസിനുള്ള അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിയും, സ്ഥാപനത്തിൽ നേരിട്ടെത്തി പരിശോധന നടത്തിയുമാണോ ലൈസൻസ് നൽകുന്നത് ; | ബി) | പുതിയതായി തുടങ്ങുന്ന സ്ഥാപനങ്ങളിലെ അപേക്ഷകൾ ജില്ലാ ഫുഡ് സേഫ്റ്റി ഓഫീസറോ ഫുഡ് സേഫ്റ്റി ഓഫീസറോ സ്ഥാപനത്തിൽ നേരിട്ട് സൂക്ഷ്മ പരിശോധന നടത്തി മാത്രമേ ലൈസൻസ്നൽകുകയുള്ളൂ. എന്നാൽ പഴയ പി.എഫ്.എ ലൈസൻസുള്ള സ്ഥാപനങ്ങളിൽ ഇപ്രകാരമുള്ള സൂക്ഷ്മ പരിശോധന നിർബന്ധിതമല്ല |
| സി) | ലൈസൻസ് ലഭിച്ച സ്ഥാപനങ്ങൾ നിബന്ധനകൾ പാലിച്ചുകൊണ്ടാണോ പ്രവർത്തിക്കുന്നത് എന്നറിയാൻ എന്തെല്ലാം പരിശോധനാസംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ? | സി) | ഫുഡ് സേഫ്റ്റി ഓഫീസർമാർ അത്തരം സ്ഥാപനങ്ങളിൽ സമയ ബന്ധിതമായി പരിശോധനകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ